# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 3772 – 21/06/2019 - ലെ മറുപടിക്ക്

## റവന്യൂ കമ്മി കുറയ്ക്കാൻ നടപടി

ചോദ്യം

ഉത്തരം

പ്രൊഫ.കെ.യു. അരുണൻ
ശ്രീ.എ. എൻ. ഷംസീർ
,, പി.കെ. ശശി
,, ജോർജ് എം. തോമസ്

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സാമ്പത്തിക സുസ്ഥിരത കൈവരിക്കുന്നതിനുവേണ്ടി ഈ സാമ്പത്തികവർഷാവസാനത്തോടെ റവന്യൂ കമ്മി ജി.എസ്.ഡി.പി.യുടെ ഒരു ശതമാനമായും ധനകമ്മി മൂന്ന് ശതമാനമായും കുറച്ചുകൊണ്ടുവരുന്നതിന് സ്വീകരിച്ചുവരുന്ന ധനമാനേജ്മെന്റ് നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | റവന്യൂ വരുമാനവും ചെലവും സംതുലിതമാക്കുകയും ധനകമ്മി നിശ്ചിത പരിധിയിൽ നിർത്തി വായ്പാത്തുക നിക്ഷേപത്തിനായി വിനിയോഗിക്കുക, നികുതി നികുതിയേതര വരുമാനം ഉയർത്തി റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കുക എന്നീ സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ തെറ്റായ സാമ്പത്തിക നയങ്ങളും ജി.എസ്.റ്റി. അനവധാനതയോടെ നടപ്പിലാക്കിയതും ആലോചനയില്ലാതെ ആഡംബര വസ്തുക്കളുടെ ജി.എസ്.റ്റി. ഗണ്യമായി കുറച്ചതും നമ്മുടെ നികുതി വരുമാനത്തെ ബാധിച്ചിട്ടുണ്ട്. ജി.എസ്.റ്റി.എൻ - ൽ ഉണ്ടായ തകരാറുകളും ആയത് സമ്പൂർണ്ണ സജ്ജമാകാത്തതും നികുതി വരുമാനത്തെ ബാധിച്ചു.<br>നികുതി ചെക്ക് പോസ്റ്റുകൾ നിയമപരമായി ഇല്ലാതായ സാഹചര്യം മുതലെടുത്ത് നികുതി വെട്ടിക്കുന്ന സ്ഥിതിയും സംജാതമായി. ഇത് ഒരു പരിധിവരെ തടയാൻ ഇപ്പോൾ കഴിയുന്നുണ്ട്. ഇന്റലിജൻസ് സ്ക്വാഡ് പ്രവർത്തനം ശക്തിപ്പെടുത്തി ഇത് കുറയ്ക്കാൻ നടത്തുന്ന ശ്രമം ഫലം കണ്ട് തുടങ്ങിയിട്ടുണ്ട്.<br>ഭൂമിയുടെ ന്യായവില യുക്തിസഹമാക്കുക, |
| (ബി) | കേന്ദ്രസർക്കാരിന്റെ നടപടികളുടെ ഫലമായുണ്ടായ സാമ്പത്തിക ആഘാതങ്ങളും ജി.എസ്.ടി. നടപ്പാക്കിയതിൽ കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടായ അനാസ്ഥയും സംസ്ഥാനത്തെ കാർഷിക, വ്യാപാര, വാണിജ്യ മേഖലകളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; ആയത് സംസ്ഥാനത്തെ തനതു നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള യത്നത്തിന് എത്രമാത്രം പ്രതികൂലമായി ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | |
| (സി) | സംസ്ഥാനത്തെ റവന്യൂ ചെലവിൽ ഇരുപത്തിയേഴ് ശതമാനത്തോളം വർദ്ധനയുണ്ടാകുമെന്ന് കണക്കാക്കിയിരിക്കുന്നതിനാൽ വികസന - വികസനേതര റവന്യൂ ചെലവു | |

| | | |
|---|---|---|
| | നിയന്ത്രിക്കാൻ സ്വീകരിച്ച മാർഗ്ഗങ്ങൾ വ്യക്തമാക്കാമോ? | ഫീസുകളും മറ്റും ക്രമപ്പെടുത്തുക, മോട്ടോർ വാഹന നികുതി, സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ്, എന്നിവയിൽ യുക്തിസഹമായ പുതുക്കലുകൾ വരുത്തുക എന്നീ നടപടികളും സംസ്ഥാന നികുതി പിരിവിലെ കാര്യക്ഷമത ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br>സാമൂഹ്യ ക്ഷേമ ചെലവുകളും, വികസന ചെലവുകളും വെട്ടിക്കുറയ്ക്കുക എന്ന സമീപനം സർക്കാരിനില്ല. നിയമന നിരോധനമോ അനിവാര്യ തസ്തിക സൃഷ്ടിക്കൽ നിരോധനമോ ഏർപ്പെടുത്തില്ല. വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ അടക്കം ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം പോസ്റ്റുകൾ സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ നിയതമായ വർക്ക് സ്റ്റഡി നടത്തിയതിനു ശേഷം മാത്രമേ തസ്തികകൾ സൃഷ്ടിക്കൂ. മറ്റ് ചെലവ് ചെയ്യലുകൾക്ക് ധൂർത്ത് ഒഴിവാക്കണമെന്ന ഉദ്ദേശത്തോടെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. റവന്യൂ കമ്മി ഒഴിവാക്കി മൂലധന ചെലവ് ഗണ്യമായി ഉയർത്തുക എന്ന സമീപനം സ്വീകരിച്ചാണ് സർക്കാർ പ്രവർത്തിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**